കയർ കൈപ്പിരി തൊഴിലാളികൾ

103 [2970] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം പ്രദേശത്ത് കയർ കൈപ്പിരി നിലനിൽക്കുന്നു. ഓരോ പ്രദേശത്തുമുള്ള കൈപ്പിരി തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) തൊണ്ട്തല്ല്, കയർപിരി എന്നിവയ്ക്ക് നിലവിലുള്ള മിനിമം കൂലി, അംഗീകൃത കൂലി എന്നിവ പ്രോജക്ട് ഏരിയാ തിരിച്ച് ലഭ്യമാക്കുമോ;

(സി) അംഗീകൃത കൂലിപോലും ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) അംഗീകൃത കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി ആന്റ് ഡി) തൊഴിൽ വകുപ്പു മന്ത്രിയുടെയും കയർ വകുപ്പു മന്ത്രിയുടേയും സംയുക്താദ്ധ്യക്ഷതയിൽ അടുത്തുതന്നെ കൂടാനുദ്ദേശിക്കുന്ന യോഗത്തിൽ, ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കയർ സഹകരണ സംഘങ്ങൾ

104 [2971] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾ എത്രയാണെന്നും, സംഘങ്ങളിൽ എത്ര തൊഴിലാളികളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കയർ സംഘങ്ങളിലെ എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(സി) നാളികേരം വൻതോതിൽ ഉൽപ്പാദിപ്പിക്കുന്ന കോഴിക്കോട് ജില്ലയിൽ പച്ചത്തൊണ്ട് സംഭരിക്കാൻ നടപടി സ്വീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി തൊണ്ടിന്റെ കുത്തക സംഭരണം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 60 കയർപിരി സംഘങ്ങളും 3 യന്ത്രവൽകൃത ചകിരി നിർമ്മാണ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. ഈ സഹകരണ സംഘങ്ങളിലായി 37,969 തൊഴിലാളികൾ ഉണ്ട്.

(ബി) 377 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ അതാതു ഡീഫൈബറിംഗ് സംഘങ്ങൾ തന്നെ ഇപ്പോൾ ആവശ്യമായ തൊണ്ട് സംഭരിച്ചു വരുന്നുണ്ട്.

(ഡി) തൊണ്ട് സംഭരണത്തിന് സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലില്ല.

സാമൂഹ്യ വനവൽക്കരണ പദ്ധതി

105 [2972] ശ്രീ. കെ. നാരായണക്കുറുപ്പ്:
" തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെ നടത്തിയിരുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) സാമൂഹ്യ വനവൽക്കരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സാമൂഹ്യ വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനുദ്ദേശിച്ച് തുടങ്ങിയിട്ടുള്ള ജില്ലാതല വനവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ അവ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly